# കാർഷിക സംസ്കാരത്തിന് പുത്തനുണർവേകി 'വൈഗ'

Janayugom 28.12.17

**സ്വന്തം ലേഖകൻ**

തൃശൂർ: കൃഷിക്കും കാർഷിക സംസ്കാരത്തിനും പുത്തനുണർവേകി 'വൈഗ' (വാല്യു അഡിഷൻ ഫോർ ഇൻകം ജനറേഷൻ ഇൻ അഗ്രികൾച്ചർ) രാജ്യാന്തര ശിൽപശാലയ്ക്കും കാർഷിക പ്രദർശനത്തിനും വെള്ളാനിക്കര കാർഷിക സർവകലാശാലയിൽ ഉജ്വല തുടക്കം. കാർഷിക മേഖലയിൽ നിന്ന് മികച്ച വരുമാനം ഉറപ്പുവരുത്തുന്നതിനും വിപണനമേഖലയിലെ പ്രതിസന്ധി മറികടക്കുന്നതിനും സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന അന്തർദേശീയ ശിൽപശാലയും പ്രദർശനവുമാണ് വൈഗ.

ചെറുധാന്യങ്ങൾ, നാളികേരം, തേൻ, വാഴപ്പഴം തുടങ്ങി നാലു പ്രധാന വിഷയങ്ങളിൽ ശിൽപശാലയും പ്രദർശനവും നടക്കും. ഈ ഉൽപന്നങ്ങൾക്കു സ്വദേശത്തും വിദേശത്തും വൻസാധ്യതകളുള്ളതിനാലാണു പ്രധാന തീമായി തിരഞ്ഞെടുത്തത്.




'കാർഷികോൽപന്ന സംസ്കരണം, മൂല്യവർധനവ്' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സംഘടിപ്പിക്കുന്ന പ്രദർശനത്തിൽ സംരംഭകർക്ക് ഉൽപന്ന നിർമാണം, യന്ത്രസാമഗ്രികളുടെ ഉപയോഗവും പ്രവർത്തനവും, സാമ്പത്തികസഹായം, വിപണന മാർഗങ്ങൾ, പാക്കേജിങ് ലൈസൻസിങ് സംവിധാനം, സർട്ടിഫിക്കേഷൻ തുടങ്ങിയ ഉൽപന്ന നിർമാണ വിപണന ശൃംഖലയിലെ എല്ലാ ഘട്ടങ്ങളെക്കുറിച്ചുമുള്ള അറിവുകൾ ലഭിക്കും.

ശിൽപശാലയിൽ ഇന്തോനേഷ്യ, ഫിലിപ്പയിൻസ്, മലേഷ്യ, സിങ്കപ്പൂർ, ശ്രീലങ്ക തുടങ്ങിയ 20 രാജ്യങ്ങളിൽ നിന്നുള്ള കാർഷിക വിദഗ്ധരും പ്രതിനിധികളും പങ്കെടുക്കും. കൂടാതെ സിംഗപ്പൂരിൽ നിന്നുള്ള ടെട്രാപാക് സൗത്ത് ഈസ്റ്റ് ഏഷ്യ ലിമിറ്റഡ്, തായ്‌ലൻഡിലെ തായ്പ്യുവർ കോക്കനട്ട്, ഐ ട്രേഡ് (ജക്കാർത്ത), സെറൻഡിപോൾ (ശ്രീലങ്ക) തുടങ്ങിയ കമ്പനികളുടെ പ്രതിനിധികളും പങ്കെടുക്കുന്നുണ്ട്.

കാർഷിക സംസ്കരണത്തിനും മൂല്യവർധനവിനുമായി പ്രവർത്തിക്കുന്ന മുൻനിര ഗവേഷണ സ്ഥാപനങ്ങളായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി മാനേജ്മെന്റ്, കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം, സെൻട്രൽ ഫുഡ് ടെക്നോളജി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മൈസൂർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ് മുംബൈ, ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിലുള്ള ഏജൻസികളായ കേന്ദ്ര കിഴങ്ങു ഗവേഷണ കേന്ദ്രം, കേരള കാർഷിക സർവകലാശാല, തമിഴ്നാട് കാർഷിക സർവകലാശാല, എൻജിഒ, സ്വകാര്യ ഏജൻസികൾ എന്നിവരുടെ സാങ്കേതികവിദ്യ നേട്ടങ്ങളുടെ പ്രദർശനവും ഒരുക്കിയിരിക്കുന്നു.